സദനം കഥകളി അക്കാദമി നൂതനമായ ഒരു കഥകളിക്കു രൂപം നൽകി കലാ കേരളത്തിനു സമർപ്പിക്കുന്നു.

നാട്യ യജ്ഞ വേദിയിലേക്ക് ഏവർക്കും സ്വാഗതം.

“കാര്ത്തവീര്യാർജ്ജുന നിഗ്രഹം”

പൂർവ്വ കഥ

ഹേഹയ രാജാക്കന്മാരുടെ കുലഗുരുക്കള് ആയിരുന്നു ഭാര്ഗ്ഗവന്മാർ. ഭാര്ഗ്ഗവന്മാർക്ക് ഹേഹയന്മാര് ധാരാളം സമ്പത്ത് ഒരു കാലത്ത് ദാനമായി നൽകുകയുമുണ്ടായി. ധനവാന്മാരായിത്തീർന്ന ഭാര്ഗ്ഗവന്മാരോടു ഒരിക്കല് ദാരിദ്ര്യം ബാധിച്ച ഹേഹയന്മാർ ധനം കടമായി ചോദിച്ചെങ്കിലും അവര് അത് പൂഴ്ത്തി വക്കുകയും കൊടുക്കാതിരിക്കുകയും ചെയ്തു. ഇതിൽ കുപിതരായ ഹെഹയന്മാര് ഭാര്ഗ്ഗവന്മാരെ ആക്രമിക്കുവാന് ഒരുങ്ങി. ഭാര്ഗ്ഗവകുലത്തിലെ ഒരു ബ്രാഹ്മണി ഔർവ്വന് എന്ന ഒരു തേജസ്വിയായ ബ്രാഹ്മണന് ജന്മം നൽകിയതോടെ ഹേഹയന്മാര് തലയോതുക്കി വാസം തുടങ്ങി..

ഹേഹയ വംശത്തിൽ പ്രതാപിയായ കാരത്ത വീര്യാർജ്ജുനനും ഭാര്ഗ്ഗവ വംശത്തിൽ ജമദഗ്നിയും ഉണ്ടായി.

ദത്താത്രേയ മുനിയുടെ വരപ്രസാദത്താൽ കാർത്തവീര്യാർജ്ജുനന് ആയിരം കയ്യുകളും മറ്റു സർവ്വ ഐശ്വര്യങ്ങളും ഉണ്ടായി. എന്നാൽ അഹങ്കാരി യായി തീർന്ന അയാള് “”ഇഷ്ടമുള്ളതെല്ലാം ഭുജിച്ചുകൊള്ളുവാൻ’’ അഗ്നിദേവന് ഒരിക്കല് സമ്മതം നൽകി. അഗ്നി ദേവൻ ഒരുകാടു മുഴുവന് കത്തിച്ചു ഭക്ഷിച്ച കൂട്ടത്തിൽ ആപവന് എന്ന മഹർഷിയുടെ ആശ്രമവും കത്തി നശിക്കുകയുണ്ടായി. മഹാവിഷ്ണു പരശുരാമൻ ആയി ജനിച്ചു കാർത്തവീര്യാർജ്ജുനനെ വധിക്കുമെന്ന് ക്രൂദ്ധനായ ആപവമുനി കാർത്തവീര്യനെ ശപിക്കുകയുണ്ടായി.

“കാര്ത്തവീര്യാർജ്ജുന നിഗ്രഹം”

രംഗം .1

കാര്ത്തവീര്യാർജ്ജുനനെ സൂത്രധാരന് പരിചയപ്പെടുത്തുന്നു.

രംഗം 2

മഹാദേവനില് നിന്ന് ആയുധാഭ്യാസം കഴിഞ്ഞ ശേഷം പരശുരാമന് പിതാവായ ജമദഗ്നിയുടെയും മാതാവായ രേണുകയുടെയും സമീപത്ത് വന്നു ആശീർവാദങ്ങള് നേടുന്നു. സ്വന്തമായൊരു ആശ്രമം നിർമ്മിച്ചു ആയുധ വിദ്യകൾ അഭ്യസിപ്പിക്കുവാന് തയാറെടുത്തു പോകുന്നു.

രംഗം 3

കാര്ത്തവീര്യാർജ്ജുനന് കൈ കരുത്തു നിവര്ത്തിക്കുവാന് നായാട്ടിനു പുറപ്പെട്ടു പോകുന്നു. ആനയും കടുവയും കാട്ടിയും സിംഹം തുടങ്ങിയവയെ നേരിടുകയും കൊല്ലുകയും ചെയ്ത അവൻ ക്ഷീണിക്കുന്നു.. കാട്ടിൽ നേരെ കണ്ട ആശ്രമത്തിലേക്കു പോകുന്നു. അത് ജമദഗ്നി മുനി യുടെ ആശ്രമം ആയിരുന്നു. ജമദഗ്നി കാർത്തവീര്യാർജ്ജുണനെ സ്വീകരിച്ചു ഇരുത്തി ആതിഥ്യ മര്യാദകകളോടോപ്പം സ്വർഗ്ഗത്തിലെ കാമധേനു എന്ന പശുവിന്റെ പുത്രി സുശീല സൃഷ്ടിച്ച ഭക്ഷണാദികളും നൽകി സന്തോഷിപ്പിക്കുന്നു.

ഇങ്ങിനെ ഒരു പശു ഒരു ആശ്രമത്തിനു മാത്രമായി വേണ്ടതല്ലെന്നും അത് രാജ്യത്തുള്ള മുഴുവന് ക്ഷാമവും നിവാരണം ചെയ്യാനാണ് വേണ്ടതെന്നും കാര്ത്തവീര്യാർജ്ജുനന് പറയുകയും അതിനെ ബലം പ്രയോഗിച്ചു നേടുവാന് കിണയുകയും ചെയ്യുന്നു. കാര്ത്തവീര്യന്റെ ആക്രമങ്ങളില് നിന്ന് പശു അന്തർധാനം ചെയ്യുന്നു. കാർത്തവീര്യൻ ജമദഗ്നിയെ വധിക്കുന്നു.

രംഗം 3

ധ്യാനിക്കുന്ന പരശുരാമന് ഏകാഗ്രത ലഭിക്കാൻ സാധിക്കാതെ വന്ന കാരണം ആലോചിക്കുന്നു. അമ്മയുടെ കരച്ചിൽ കേട്ട രാമന് ആശ്രമത്തിലേക്കു പുറപ്പെട്ടു പോകുന്നു. മരിച്ചുകിടക്കുന്ന പിതാവിന്റെ ജഡം കാണുന്നു. വിലപിക്കുന്ന അമ്മയിൽ നിന്ന് കാര്യങ്ങള് മനസ്സിലാക്കിയ രാമൻ കാര്ത്തവീര്യനെ ദഹിപ്പിക്കുവാനുള്ള ചിത തയ്യാറാക്കി കാർത്തവീര്യ ജഡം കൊണ്ടുവരുന്നത് വരെ അഗ്നിയോടു കെടാതെ കത്തുവാൻ ആഹ്വാനം ചെയ്ത് ആയുധങ്ങളുമെടുത്തു കാർത്തവീര്യാർജ്ജുനനോടു ഏറ്റുമുട്ടാന് പുറപ്പെടുന്നു.

രംഗം 4

കാർത്തവീര്യനും പരശുരാമനും ഏറ്റുമുട്ടുന്നു. വാൾ ഗദ, വില്ല് തുടങ്ങിയ ആയുധങ്ങൾ കൊണ്ട് നടത്തിയ യുദ്ധത്തില് കാര്ത്തവീര്യനെ പരശു രാമന് വധിക്കുന്നു.കാർത്തവീര്യന്റെ ശിരസ് ചിതയിൽ ഹോമിച്ച ശേഷം തന്റെ പിതാവിന്റെ ഉടകക്രിയക ൾക്കായി പരശുരാമന് തുനിയുന്ന നേരം സുശീല എന്ന പശു പ്രത്യക്ഷപ്പെടുകയും ജമദഗ്നി മരിച്ചിട്ടില്ലെന്നും താന് യോഗ

മായയാൽ തീർത്ത 'നാടകം' മാത്രമായിരുന്നു അതെന്നും പറഞ്ഞു ജമദഗ്നിയെ ജീവിപ്പിക്കുന്നു.

ഉയിര്ത്തെഴുന്നെറ്റ ജമദഗ്നി സന്തോഷിച്ചു എല്ലാവരെയും അനുഗ്രഹിക്കുന്നു.

കാര്ത്തവീര്യാർജ്ജുനൻ. ഖണ്ടാരം

ദത്താത്രേയ വരം നിമിത്തമതി ഗര്വ്വത്തോടു തന്നിഷ്ടവും

ചെയ്തങ്ങൂഴി ഭരിച്ചു വാണ ധരണീന്ദ്രൻ കാരത്തവീര്യാർജ്ജുനന്

പത്തും നൂറു കരക്കരുത്ത് തടയാനായിക്കൊടും കാടതില്

മേവും വന്യമൃഗങ്ങൾ തന് നിഹനവും ചെയ്തങ്ങു മോദിച്ചവന്

സൂത്രധാരൻ

"അല്ലയോ സഭാവാസികളെ നമസ്കാരം ഞാൻ കാര്ത്തവീര്യാർജ്ജുനന്റെ കഥകൾ പറയുന്നത് വഴി പോലെ കേട്ടാലും."

**കാംബോജി ----മുറിയടന്ത ഖണ്ടന്ട**

ആയുധമായിര മേന്തിയോരായിരം ബാഹുക്കളിൽ തങ്ങിയുള്ളോരു കെല്പ്പൊടും

ആയോധനക്കേളി തന്നിലുള്ളഔല്സുക്യ മുദ്രകള് കൊത്തിയ പാദ തഴമ്പൊടും

മസ്തകം പോലെഴും വൻ വിരിമാറിലായ് യുദ്ധക്കൊതിയാല് വലിഞ്ഞുള്ള പേശികൾ

നിങ്ങൾ കേട്ടില്ലേ ഇനിയും പറയാം.

ആനയോ സിംഹമോ കാട്ടിയോ കാട്ടിലുള്ളെല്ലാറ്റിനെയും വരുതിയില് നിര്ത്തുവോൻ-----------------------------------------------------------------------------------------▲

കര്ത്തവീര്യാർജ്ജുനന് തന്നുടെ യൌധത്യ മോലും ഭരണ സീമക്കുള്ളില് വാഴും

പ്രജകൾക്കു ദുസ്സഹമായ ഭരണത്തില് നിന്നു വിടുതല് ലഭിക്കുവതിന്നായി

പാലാഴി തന്നിൽ കിടന്നരുളും നീല വാര്മുകില് കാന്തിയെഴും മഹാ വിഷ്ണുവേ

ധ്യാനിച്ചു പ്രാർഥിച്ചു വാഴവെ കേൾക്കായിതാപവ (ആപവ)മുനിശാപ വൃത്താന്തവും-----------------------------------------------------------------------------------------▲

ഇനിയും വഴി പോലെ കേട്ടാലും.

ഭൃഗു രാമ ഹസ്ത ഗതമാം പരശുവാൽ കയ്യായിരങ്ങളും കൊയ്തെടുത്തീടുമെ

ന്നുള്ള വച്ചസ്സിനെ ഗൌനിച്ചിടാതവൻ ഹുങ്കും വളർന്നു ഗഗനസീമ കടന്ന മ്ബുജനാഭ പ്രഭക്കുള്ളിൽ വീണൊരു കൊള്ളിയാനെന്ന പോല് വാണകാലം ഹരി

ഭാർഗ്ഗവ രാമനായ് ഹേഹയ രാജനെ കൊൽവതിന്നായിട്ടു ജാതനായി..---▲ത തകത ✄

------------------------------------------------------------------------------------------------------------------

**രംഗം 2**

ശ്ലോകം രാഗം സാവേരി - ചെമ്പട (രാഗം പാടണം )

രാമൻ ഭാർഗ്ഗവ രാമനന്നു ശിവനില് നിന്നായുധാഭ്യാവും

നേടിത്തൻ പിതൃ മാതൃ സന്നിധമണഞ്ഞീടാനതീവോത്സുകാല്

പാരം മോദിതനാ യണഞ്ഞൊരവനെ പുൽകിപ്പുണർന്നഞ്ജസാ

വാണീടും ജമദഗ്നി മാമുനിയൊടന്നമ്പോടു ചോന്നാനവൻ

**പരശുരാമന്**

✄ ✄ ഗുരുകുല വാസമതും ഗുരുതന്റെ യനുഗ്രഹവും എന്നാഗ്രഹവും

കൈ കൊണ്ടു താതഗുരു പദ തളിരിണ തൊഴുന്നോരെന്നില് കനിയുക നീ.▲

പിനാകി തന്നുടെ ശിഷ്യനെനിക്ക് സമൻ മുപ്പാരിലുമില്ലെന്നോതി

യനുഗ്രഹതീർത്ഥ മൊഴുക്കി മുകർന്നു പുണര്ന്നു വിടനൽകിയെനിക്കെന് ഗുരുനാഥൻ ---------------------------------------------------------------------------------------▲▲

(ഇരട്ടി അക്ഷരം)

എന്ത് നിനക്കായ് ചെയ്യാവൂ ഞാൻ എന്ത് നിനക്കിലുമത് നൽകീടാം

നിൻ പദ സേവന മതിനായ് വെണ്മലയില് നിന്നുടനടി വന്നിതഹം.▲▲

**ജമദഗ്നി.. രാഗം : സൌരാഷ്ട്രം. , താളം :ത്രിപുട.**

സല്പുത്ര നിന്നെ പൂർണ്ണനായ് നേടിയോ രിന്നെനിക്കെന്തു ലഭിച്ചീടണം?

നേടിയ വിജ്ഞാന മെല്ലാം പകർന്നു കൊടിത്തിടാനായുള്ളോരാശ്രമം നീ
നിർമ്മിച്ചു ശിഷ്യഗണങ്ങൾക്കൊരായുധ ശിക്ഷണം നൽകീടുക.

**രേണുക.. രാഗം : നാട്ടകുറിഞ്ഞി . താളം തിശ്ര നട.**

അൽപ മാത്രയെങ്കിലും മമാന്തികെ വസിച്ചു നീ പ്ര-

ബോധനത്തിനായ് ഗമിച്ചു കൊൾക രാമ നീ-------------------------------▲

ഞാൻ കറന്നു കാച്ചിവച്ച പാല് നുകർന്നു <u>പൊൻപുലരി പു-</u>

ലർന്നിടും വരെ യടുത്തു വാഴ്ക നീ സുതാ

എത്ര പുണ്യ ശാലിനി ഹിമാദ്രി പുത്രി പാർവതി

നിനക്ക് ലാളനങ്ങൾ നല്കി നിന് ഭക്തി നെടുവാന് ഭാഗധേയമാർന്നവള്

മഹിതയായവൾ-------------------------------------------------------------------------------▲

**രാമൻ . രാഗം : സരസ്വതി. താളം : ചെമ്പട**

ഓര്ത്തൊന്നെന്നെ വിളിച്ചീടും നേരം

ഓടിയണഞ്ഞിടുമേ നിൻ നികടെ ഞാന്

എൻ കൊതി തീര്ത്തിടുവാനായ് നല്കിടുക

പാലും പഴവും തേനും പായസവും-----(-പ്രത്യേക ഇരട്ടി )▲

തമസാ നദിയുടെ തീരത്താശ്രമവും

തീര്ത്തിടുവാനായ് പോകുന്നിതു ഞാനും.

നിൻ കനിവാർന്നെഴുമീ വചനങ്ങൽക്കായ്

വ്ന്നിടുമെന്നും നികടേ തവ തനയൻ -----------------------------------▲(ആട്ടം)

**കാര്ത്തവീര്യാർജ്ജുനൻ. രാഗം : പന്തുവരാളി.. താളം ചെമ്പട**

ദത്താത്രേയ വരം നിമിത്തമതി ഗര്വ്വത്തോടു  തന്നിഷ്ടവും

ചെയ്തങ്ങൂഴി ഭരിച്ചു വാണ ധരണീന്ദ്രൻ കാരത്തവീര്യാർജ്ജുനന്

പത്തും നൂറു കരക്കരുത്ത് തടയാനായിക്കൊടും കാടതില്

മേവും വന്യമൃഗങ്ങൾ തന് നിഹനവും ചെയ്തങ്ങു മോദിച്ചവന് (സ്ടൂളിനു മുകളിൽ ആട്ടം.)

മദിച്ചു വന്ന ആനയെ കൊല്ലുന്നു.

കൊമ്പു കുലുക്കി വരും മദഗജമേ കുന്തമുനക്കിരയായ് നീ.▲ (തിരനോക്ക് എണ്ണം)

ചീറി വരും കടുവക്കെൻ മുസലം കൊണ്ട് രുചിക്കാം അന്ത്യം▲""""

ഗദകൊണ്ടടി കൊണ്ടിന്നു വധിപ്പന് വനസൈരിഭമേ നിന്നെ. ▲""

കണ്ഠിരവ നിൻ കണ്ഠം  ശരമുനകൊണ്ടിഹ ഖണ്ടിച്ചീടാം ▲""

(നാലാമിരട്ടി)

**കാര്ത്തവീര്യാർജ്ജുനന് രാഗം : ആഹരി. താളം:: ചെമ്പട.**

നായാട്ടും തായാട്ടും തളര്ച്ചയെന്നുടലില്

നല്കീടാന് നിയമമതില്ലോരിക്കലും നിയതം

ദാഹിച്ചും മോഹിച്ചും തളര്ന്നിടുന്നിഹ ഞാൻ

ദൂരത്തായ് കാണ്മുണ്ടൊരു മരക്കുടിൽ തെളിവായ്

പിപാസയും ബുഭുക്ഷയും തടുത്തിടാനു /ടജേ

ഗമിച്ചിടാം അശിച്ചിടാം ''തുറക്ക നീ ഭവനം''▲ ആട്ടം

ജമദഗ്നിയുറെ ആശ്രമത്തിൽ പ്രവേശിക്കുന്നു.

**ജമദഗ്നി രാഗം: ധന്യാസി.. താളം : ചെമ്പട.**

ഹേഹയ ഭൂമി പതേ അത്ഭുതമിന്നു  ഭവാനുടെ ആഗമനം..എന്നുടജേ

ഭാര്ഗ്ഗവരും ഹേഹയരും നല്ലൊരു// മൈത്രിയിലല്ലെന്നാകിലുമെന്

ആതിഥ്യമേറ്റു മാശീർവദിച്ചു// വാഴ്കെൻ ആശ്രമമിതിൽ ഭവാൻ...▲▲..

**തിശ്ര നട**

പൂർവ്വികരായ് തീർത്തുള്ളൊരു നീരസമെല്ലാം

ഇന്ന് മറന്നൂഷ്മളമാം മൈത്രി വരിച്ചീടാം

ക്ഷത്രിയനോ ബ്രാഹ്മണനോ ഉന്നതനാരെന്നും

ഇന്ന്  നിനച്ചീടേണ്ടവരല്ലിഹ നമ്മൾ ..▲

**ചെമ്പട**

വസിച്ചിടുക ഭുജിച്ചിടുക രാജൻ ആശ്രമ ഭോജനമതി മധുരം ▲

ഭക്ഷണം വിളമ്പി കൊടുക്കുന്നു.

**ശ്ലോകം -------രാഗം : ഖമാസ് താളം : തിശ്രനട**

കാട്ടിൽ ക്രൂരമൃഗങ്ങളെ  ഝടുതിയന്നൻപോടു കൊന്നിട്ടവന്

പാരം ക്ഷീണിതനായ് വലഞ്ഞൊരളവില് തന്നാശ്രമത്തിൽ വസി-

ച്ചീടും ഗോമതി നൽകിടും മധുരമാം ഭോജ്യങ്ങള് നല്കീടുവാന്

തോഷം പൂണ്ട മഹര്ഷിയന്നു നൃപനായ് ചെയ്തങ്ങു സൽക്കാരവും

ഭാജനങ്ങളിലെഴുന്ന ഭോജനം രാജനന്നു മുനി നല്കിടുംപോഴാ

ഭൂപതിക്കുമുളവായ കൌതുകം പൂണ്ടവൻ മുനിയോടേവമോതിനാന്

**ഹേഹയൻ.. രാഗം : ഖമാസ് താളം : തിശ്രനട**

ഇഷ്ടമെഴും ഭോജന മിത് സ്വാദിഷ്ടം

തുഷ്ടമതായ് തീർത്തിതു മമ ഹൃദയം

ഫലമൂലാദികളാൽ സമ്പുഷ്ടം

സുഖ സൗരഭ മാർന്നൊരു മൃഷ്ടാന്നം

മനതാരിലെഴും നന്ദികളോതാൻ

കഴിയാതുഴലുന്നിതു   ഞാനും..---▲

**ജമദഗ്നി .. രാഗം ::ബിലഹരി .താളം :: ചെമ്പട.**

കാമ ധേനു തന്റെ സോദരി  യീ സുശീല എന്ന ധേനു

നൽകിടും മധുരമാർന്ന ഭോജ്യ മേകിടാന് എനിക്കു

തെല്ലുമില്ല വൈമനസ്യമെന്നു മോർക്ക നീ.----▲

കേൾപ്പിലെന്തുമേകിടുമിവള് മമാശ്രമത്തിനേക

മാശ്രയമതെന്നു   കാരത്തവീര്യാ കേൾക്കുക. .▲

**കാര്ത്തവീര്യൻ രാഗം : അഠാണ........ താളം: ചെമ്പ.**

നാട് ഭരിക്കാനാണിവൾ വേണ്ടതൊരാശ്രമമല്ലാ മുനി വര്യാ

പട്ടിണി യായ് കഴിവോർക്കിവള് ഏകും

മൃഷ്ടാന്നം നൽകിടുകില് പുണ്യം// നിനക്കുമെനിക്കുമാത്രവുമല്ലീ

ഭുവനത്തിനുമെന്നോർക്കുക നീ....▲

**ജമദഗ്നി രാഗം : ഹംസാനന്ദി  താളം ചെമ്പട**

അത് മാത്രം കേട്ടീടരുതെന്നോടു  നീ രാജൻ

ഇവളെന്നുടെ നന്ദിനിയും ജനനിയുമെന്നറിക

ആശ്രമ പാലിനിയാമോരിവളെ നല്കീടാന്

ആവില്ലതല്ലെനിക്കതിന്നൊരു ദാനാർത്ഥനമരുതെ

**കാര്ത്ത വീര്യൻ രാഗം :: കെദാരഗൌള  താളം ::ചെമ്പട**

വട മെടുത്തു ഗോഗ്രീവമത്തില് ബ //ന്ധിച്ചേൻ ഹേഹയ രാജ്യമതിൽ കൊ-ണ്ടാക്കുക ഇവളുടെ പാല് കറന്നു ബു ///ഭുക്ഷു ക്കൾക്കായേകിടുക

ø ഭൂപതിയായൊരെനിക്കവകാശം ഭൂവിലെഴുന്നൊരു ജീവികളിന്മേൽ.

ഭൂപതിയായൊരെനിക്കവകാശം ഭൂവിലെഴും ധന ധാന്യങ്ങളിലും

**ജമദഗ്നി: രാഗം : കേദാരഗൌള താളം :: മുറിയടന്ത.**

ß ക്ഷത്രിയാധമ ദുഷ്ക്രിയാധമ പർണ്ണശാല യില്  നിന്നുടന്

ഗച്ഛ ഗച്ഛ ശപിച്ചു ഭാസ്മമാതാക്കിടും ഞാൻ നിന്നുടല്

ß ഇന്നിവള് മകളാണെനിക്കവളെ  തരില്ലൊരു ഹലനു ഞാന്

ത്യാഗിയാമിവളിന്നു  ചെര്ന്നവളല്ല ഭോഗി നിനക്കഹോ

**കാർത്തവീര്യാർജ്ജുനന് രാഗം : കേദാരഗൌള ....താളം: ചെമ്പട**

ß ദത്താത്രേയ വരത്താൽ  നിന്നുടെ  ശാപം ദണ്ടിക്കുകയില്ലെന്മേല്

അവമതി ചെയ്ത നിനക്കഹമിന്നുടനേകും ദണ്ഡവുമുടനെ കേൾ

ß⬆ ബ്രഹ്മാസ്ത്രത്താൽ നിന്നുടെ ഹത്യയതുടനടി  ചെയ് വതുമുണ്ടിഹ ഞാൻ

നിന്നെ വധിച്ചീ ഗോവിനെ യെന്നുടെ സ്വന്തമാതാക്കിടുമുടനെ ഞാൻ ▲

സുശീല എന്ന പശുവിനെ പിടികൂടാൻ നോക്കുന്നു. സുശീല അന്തർധാനം ചെയ്യുന്നു. കാര്തവീര്യാർജ്ജുനന് ജമദഗ്നിയെ  വധിക്കുന്നു.

---

## രംഗം : 3

**ശ്ലോകം രാഗം : സാരമതി.**

കൈലാസാദ്രിയിൽ വാണിടും ശശിധരന്  തന്നെ നിരൂപിച്ചുടൻ

ധ്യാനം ചെയ്തു വസിച്ചിടും പരശുരാമൻ തന്റെ യുള്ളില് മഹാ

പാപം ചെയ്തൊരു ഹേഹയന്റെ കഠിനക്കർമ്മങ്ങള് തീര്ത്തുള്ളതാം

ശോകം പൂണ്ടു കരഞ്ഞിടും ജനനി തൻ നാദങ്ങൾ കേട്ടാനവന്

പരശുരാമൻ വരുന്നു.

**പരശുരാമൻ രാഗം :: സാരമതി, താളം : ചെമ്പട**

രക്തം ചിന്തിയോരെന്നുടെ താതൻ തന്റെ ജഡം/ കാണുവതോ  നേരെ?

അറു  കൊല ചെയ്തവനാരവനെന്നു പറഞ്ഞു തരേണം നീ മാതേ ▲

**രേണുക രാഗം : ശുഭപന്തുവരാളി>  താളം : ചേമ്പ (10)**

ആയിരം കയ്യിലോരായിരമായുധ // മേന്തിയ നീചനാം കാര്ത്തവീര്യന്

എന്റെ കണ്മുന്നിലിന്നെൻ ജീവനാഥനെ// അയ്യോ വധിച്ചു നിലത്തു വീഴ്ത്തി

രാമാ മകനെ യെന്നുച്ചത്തിലെത്ര // കരഞ്ഞു വിളിച്ചു ഞാൻ നിന്നെ സുതാ▲

~~കൊല്ലരുതേ എന്നു കാൽക്കല് പ്രണമിച്ചു  നിഷ്ഠുരനോടെത്ര കേണു ഞാനും~~

~~വയ്യെനിക്കൊന്നുമേ കാണുവാനോതുവാൻ~~

~~വെയ്യേനിക്കൊരു മാത്ര വാഴ്വതിന്നും~~

~~മുണ്ഡനം ചെയ്തു വിധവയായ് തീർന്നിടാന് നല്കീടുകായുധം സല്പുത്ര നീ.~~

**പരശുരാമൻ രാഗം : ഭൈരവി. താളം : ചെമ്പട**

ഹാ നിർത്തുക  നിര്ത്തീടുക ഭാഷണ മെന് ജനനി

ഞാ  നുടനടിയടരാടാൻ പോ  കുവതിന്നനുമതി നീ

ഏ   കണ മൊരു  തടവതിനരു തേ മമ ജനനി സുജനി

Ꮻഹേ  ഹയ കുല ദുഷ്കൃതനുടെ ജീ വനെടുപ്പാൻ കാലമ

താ യാതിനായുടനടിയെൻ മാ  നസമിന്നുരുകുന്നു.  ▲

**മുറിയടന്ത**

Ꮻപദനഖമതിൽ നിന്നുദിച്ചു ജ്വലിച്ചു ത്സ്രിച്ചിടും പ്രതികാരാഗ്നിയിലിതി

**(ചെമ്പട)** ലവനെ വലിച്ചു തുലച്ചഹമവനുടെ കുലമതു സകലം മുടിച്ചിടും.

Ꮻഭ്രുംഭ്രും രവമതു മുഴക്കി യെൻ ശരകോടി//യവനുടെ യുറച്ച ദേഹം ശതകോടി ക-

**(ചെമ്പട)** കണങ്ങളാക്കി ഭൂവിൽ പുഴുവരിച്ചു  നാശോന്മുഖമാക്കും.

**(പഞ്ചാരി)** ആയിരം കരാള ഹസ്ത കൃന്തനം നടത്തിയെന്റെ

താതനേകിടും തിലോദകം ഭാർഗ്ഗവന് ▲ ആട്ടം പടപ്പുറപ്പാട്

**പോരിനു വിളി രാമന് രാഗം : കേദാരഗൌള താളം : ചെമ്പട.**

വാടാ നീ യോടാതെൻ നികടെ കാര്ത്തവീര്യ ദുഷ് കീര്ത്തെ

ഓടുവതെങ്കിൽ വൈകര്ത്തനപുര മതു തവ ലക്ഷ്യമാതാക്കീടും ഞാന്

Øഎരിഞ്ഞു പുകഞ്ഞ ക്രോധ പ്രളയാ -

ഗ്നിയിൽ ജള നിന്നെ എറിഞ്ഞു കരിച്ചു// ശല്ക്ക സമാനമാതാക്കി തീർപ്പതു

കാണും ദിക്ക് പാലകരെട്ടും --▲

**കാരത്ത വീര്യാർജ്ജുനന് രാഗം : കേദാരഗൌള താളം : ചെമ്പട**

ബ്രാഹ്മണ ബാലക വേദാ ധ്യയനം // പോലെളുതല്ലായോധന കലകൾ

ചമത യറുക്കും പോലെ ലെളുതല്ലരി // നികരമതിന് തല കൊയ്യാന് മൂഢാ

**രാമൻ**

Øനിൻ തല കൊയ്യാന് എന്നുടെ വില്ല് കുലച്ചിതു ഞാനും ഹേഹയഭൂപാ

ചമതയറുക്കും പോൽ ജള നിന് തല യിന്നെന് പരശു അരിഞ്ഞെറിയും

മെലിഞ്ഞുണങ്ങിയൊരുടലും ജടകെട്ടിമെടഞ്ഞൊരു മുടിയും തലയും ഞാൻ

നുറുക്കിയി കുറുനരികൾ ക്കായി പകുത്തുടനേകും

രാമൻ

ചുടു നിണ കുങ്കുമ ലേപന ശേഷം നിന്റെ കപാല തേങ്ങ യെറിഞ്ഞതു

ടച്ചെൻ താതനു ശേഷക്രിയകള് ചെയ്യേന് ഞാന് അത് ചെയ്യേന് ഞാന്

കാര്തവീര്യൻ

ഗര്ജ്ജിപ്പതില്ല മാർജ്ജാരനും ചിഹ്നം വി-

ളിച്ചീടുകില്ല ശുനകനും വാനിൽ പ്പ-

റന്നീടുകില്ല മണ്ടുകവും നീ ദ്വിജ

നെങ്ങിനെ ശസ്ത്രമെടുത്തടരാടിടും?

കാര്ത്തവീര്യനെ  വധിക്കുന്നു. തല ദഹന കുണ്ഡത്തില് ഇട്ടു കത്തിക്കുന്നു. പിതാവിന്റെ സമീപത്തേക്ക്  വരുന്നു. ശേഷക്രിയകൾക്കായി തുനിയുന്നു. അന്തർധാനം ചെയ്ത സുശീല പ്രത്യക്ഷപ്പെടുന്നു.

**സുശീല രാഗം : മധ്യമാവതി. താളം : ചെമ്പട. (ഇരട്ടി അക്ഷരം)**

നില്ക്ക ഭാർഗ്ഗവാ  തവ  പിതാവിന്നു  മൃതനായിതുമറിയുക നീ.

ത്രാണനം ചെയ് വതിനായിട്ട് ഞാനന്തർധാനവും ചെയ്തതു മെന് മകനേ

യോഗമായയാലുടനടി ജീവനെഴുന്നവനായി ജനിക്കുമിവൻ

അധമ ദുരാത്മാക്കളുടെ യഹംകൃതി തീർപ്പാനായ് ജനിയാർന്നൊരു ഹരി നീ.

ക്ഷത്രിയധൃഷ്ടത  തീർപ്പാനായി ജനിച്ചവനെ വിജയിക്കുക നീയും..

ഞാനീ യാശ്രമ പാലിനിയായ് പൈംപാല് കൊടുത്തു വസിച്ചീടാം.

**ശ്ലോകം**

കയ്യിൽ വെള്ളമെടുത്ത് താതവദനം തന്നില് തെളിച്ച്ചോരുടന്

വീണ്ടും ജീവനുറന്നെണിറ്റു ഭൃഗു രാമൻ തന്റെ താതന് മുദാ

സുപ്തം തീര്ന്നുണരുന്ന പോലവനുടൻ വാവിട്ടും കേഴും സതീ

രത്നത്തോടു കരഞ്ഞിടാനെഴുമോരാ കാര്യങ്ങൾ കേട്ടാനുടൻ.

******************************************************************************************